12

# നിങ്ങളെക്കുറിച്ചു മറക്കുക

## (4:8-14)

കഴിഞ്ഞ പാഠത്തിൽ, നമ്മുടെ വിഷയം തുടങ്ങിയതു "സാത്താൻ നിങ്ങൾക്കു പ്രയാസം വരുത്തുമ്പോൾ എന്നതാണ്." 1 മുതൽ 7 വരെ യുള്ള വാക്യങ്ങളിൽ നിന്നു, നാം കണ്ടത് ഇവയാണ്: (1) അതിശയി ക്കരുത്, (2) നിങ്ങളുടെ കൈ കുടയരുത്, (3) നിങ്ങൾ പിശാചിന്റെ നിയമങ്ങളാൽ കൈകാര്യം ചെയ്യരുത്. 8–14 വരെയുള്ള ഭാഗത്ത്, ന്യായാ ധിപസംഘത്തിനു മുൻപിൽ പത്രൊസ് പ്രതിരോധിക്കുന്നു. പത്രൊസിന്റെ വാക്കുകളിൽ ഒരു തത്വം പ്രകാശിക്കുന്നു: പത്രൊസ് തന്നേക്കാൾ വിചാരപ്പെട്ടത് ക്രിസ്ത്യാനിത്വവും സുവിശേഷവുമായി രുന്നു.

### ആത്മാവ്

പത്രൊസ് പ്രതിരോധിക്കാൻ തുടങ്ങുമ്പോൾ, അവൻ "ആത്മാ വ് നിറഞ്ഞവനായി തീർന്നു" (വാക്യം 8) ശിഷ്യന്മാർ തടവിലാക്കപ്പെടും എന്നു മുന്നറിയിക്കുമ്പോൾ, അവൻ പറഞ്ഞു, "ആകയാൽ പ്രതിവാ ദിപ്പാൻ മുമ്പുകൂട്ടി വിചാരിക്കാതിരിക്കേണ്ടതിന്നു മനസിൽ ഉറച്ചു കൊൾവിൻ; നിങ്ങളുടെ എതിരാളികൾക്കു ആർക്കും ചെറുപ്പാനോ എതിർ പറവാനോ കഴിയാത്ത വാക്കും ജ്ഞാനവും ഞാൻ നിങ്ങൾക്കു തരും" (ലൂക്കൊസ് 21:14, 15).[1] പത്രൊസ് രാത്രിയിൽ എങ്ങനെ തട വിൽ കഴിച്ചു കൂട്ടി എന്നെനിക്കറിഞ്ഞുകൂടാ,[2] എന്നാൽ അവൻ പ്രതി വാദം പറയുന്നതിനു ആ രാത്രി ഒരുങ്ങി*യില്ല* എന്നെനിക്കറിയാം. "പരി ശുദ്ധാത്മാവു നിറഞ്ഞവനായി" എന്നതിന്റെ അർത്ഥം പരിശുദ്ധാത്മാ വിനാൽ നിയന്ത്രിക്കപ്പെട്ടു എന്നാണ്. യേശുവിന്റെ ആത്മാവ്[3] അവ നിൽകൂടെ ന്യായാധിപസംഘത്തോടു സംസാരിക്കയായിരുന്നു.

### വിഷയം

("ഏതു ശക്തിയിലോ, ഏതു നാമത്തിലോ, നിങ്ങൾ ഇതു ചെയ്തു?") എന്നായിരുന്നു ന്യായാധിപസംഘം ചോദിച്ചത്. അതൊരു

കഴമ്പില്ലാത്ത ചോദ്യമായിരുന്നെങ്കിലും, പത്രൊസിന്റെ ഉദ്ദേശം വ്യക്തമാക്കാൻ പര്യാപ്തമായിരുന്നു, അവനു അതിൽ നിന്നു പെറുക്കിയെടുക്കാൻ വിഷയം കിട്ടി. ആത്മാവിനാൽ നയിക്കപ്പെട്ടുകൊണ്ട് ഇതു എന്താണെന്നു അവൻ വ്യാഖ്യാനിച്ചുകൊടുത്തു. "ഇതു" എന്നതു സൗഖ്യമാക്കിയതിനെ സൂചിപ്പിക്കുന്നു. "പ്രമാണികളും ജനത്തിന്റെ മൂപ്പന്മാരുമായുള്ളോരേ," അവൻ തുടർന്നു, "... ഈ ബലഹീനമനുഷ്യനു ഉണ്ടായ ഉപകാരം നിമിത്തം,[4] ഇവൻ എന്തൊന്നിനാൽ സൗഖ്യമായി എന്നു ഞങ്ങളെ ഇന്നു വിസ്തരിക്കുന്നു എങ്കിൽ" (വാക്യം 8, 9). "ഈ മനുഷ്യൻ," അവർക്കരികിൽ നിന്ന മനുഷ്യന്റെ തോളിൽ കയ്യിട്ടുകൊണ്ടായിരിക്കാം പത്രൊസ് പറഞ്ഞതു (വാക്യം 14). സാഹചര്യം പരിഹാസ്യമായിരുന്നു! പത്രൊസിന്നും ന്യായാധിപസംഘത്തിനും അറിയാമായിരുന്നു.

**രക്ഷകൻ**

അപ്പൊസ്തലൻ ഫലത്തിൽ പറഞ്ഞതു, ഫലത്തിൽ, "അവനെ സൗഖ്യമാക്കിയത് ആരാണെന്നു *വാസ്തവത്തിൽ* നിങ്ങൾ അറിയാൻ താല്പര്യപ്പെടുന്നുവെങ്കിൽ, ഞാൻ പറയാം" എന്നാണ്. അവർ ചോദിച്ചത്, "ഏതു *നാമത്തിലാണ്* നിങ്ങൾ ഇതു ചെയ്തതു എന്നാണ്?" *യേശുവിന്റെ* നാമത്തിലാണ് ആ മനുഷ്യനു സൗഖ്യം വന്നതു പത്രൊസ് പറഞ്ഞു:

> നിങ്ങൾ ക്രൂശിച്ചവനും ദൈവം മരിച്ചവരിൽ നിന്നുയർപ്പിച്ചവനുമായി *നസ്രായനായ യേശുവിന്റെ നാമത്തിൽതന്നേ,* ഇവൻ സൗഖ്യമുള്ളവനായി നിങ്ങളുടെ മുമ്പിൽ നില്ക്കുന്നു – എന്നു നിങ്ങൾ എല്ലാവരും യിസ്രായേൽ ജനം,[5] ഒക്കെയും അറിഞ്ഞുകൊൾവിൻ (വാക്യം 10; എംഫസിസ്മൈൻ).

പത്രൊസ് തന്റെ ജീവിതത്തെക്കുറിച്ചു കരുതിയില്ല. നിങ്ങൾ നിങ്ങളുടെ വ്യക്തിപരമായ സംരക്ഷണത്തെ കരുതിയാൽ, നിങ്ങൾ *ഒരിക്കലും* ആ ദേശത്തെ ശക്തരായ കൂട്ടത്തിനെതിരെ വിരൽചൂണ്ടി മശിഹയെ ക്രൂശിച്ച നിങ്ങൾ എന്നു പറയുക*യില്ല*! പത്രൊസിന്റെ കരുതൽ എന്താ*യിരുന്നു?* അവൻ യേശുവിന്റെ നാമത്തെ കുറിച്ചായിരുന്നു കരുതിയത്!

സാത്താൻ നമുക്കു പ്രയാസം വരുത്തുമ്പോൾ, നാം ഇതു ഓർക്കണം: നമുക്കെന്തു സംഭവിക്കുന്നു എന്നതു നിസാരകാര്യമാണ്, എന്നാൽ കർത്താവിന്റെ നാമത്തിനു എന്തു സംഭവിക്കുന്നു എന്നതാണ് മുഖ്യകാര്യം![6]

പത്രൊസിന്റെ ധൈര്യപൂർവ്വമായ പ്രസ്താവന ശ്രദ്ധിക്കുക. "ദൈവം അവനെ [യേശുവിനെ] മരിച്ചവരിൽ നിന്നുയർത്തെഴുന്നേല്പിച്ചു." "അപ്പൊസ്തലന്മാർ യേശുവിൽ പുനരുത്ഥാനമുണ്ടെന്നു പ്രഖ്യാപിക്കുന്ന ഭാഗമാണ്" സദൂക്യരെ ചൊടിപ്പിക്കുന്നത് എന്നോർക്കുക (വാക്യം 2). വൈപരീത്യവിഷയങ്ങൾ പത്രൊസ് ഒഴിവാക്കിയിരു

ന്നില്ല - പ്രത്യേകിച്ച് അവന്റെ സദസ്യർ *കേൾക്കേണ്ടതു ആവശ്യമായിരുന്നു.*

**കല്ല്**

പത്രൊസ് തന്റെ കുറ്റാരോപണം നിർത്തിയില്ല. ഈ "വിദ്യാഭ്യാസ മില്ലാത്ത പരിശീലനം ഇല്ലാത്ത" മുക്കുവന്മാർ ഇപ്പോൾ വേദശാസ്ത്ര പണ്ഡിതന്മാരോടു തിരുവെഴുത്ത് ധാർഷ്ട്യത്തോടെ ഉദ്ധരിക്കുന്നു: "വീടു പണിയുന്നവരായ, നിങ്ങൾ തള്ളിക്കളഞ്ഞിട്ട്, കോണിന്റെ മൂല ക്കല്ലായിതീർന്ന കല്ല് ഇവൻ തന്നേ" (വാക്യം 11). പത്രൊസ് പുരാതന മായ ഒരു മശിഹാപ്രവചനമായ, സങ്കീർത്തനങ്ങൾ 118:22 ആണ് ഉദ്ധരിച്ചത്.[7] ആ പ്രവചനം പ്രത്യേകമായി അവർക്കു എന്നു ഊന്നി പറയുവാൻ "നിങ്ങൾ" എന്നു പത്രൊസ് പറഞ്ഞു: "വീടു പണിയുന്ന വരായ *നിങ്ങൾ*, തള്ളിക്കളഞ്ഞ കല്ലു മൂലക്കല്ലായി തീർന്നു." ചിപ്പുന്ന വരെയോ ചാന്തു കുഴക്കുന്നവരെയോ അല്ല പറയുന്നതു. "നിർമ്മിക്കു ന്നവരാണ്": ആർക്കിടെക്ചർ, കോൺട്രാക്ടർ, സൂപ്രണ്ട്, ഫോർമാൻ, എന്നിവർ യെഹൂദനയം എടുത്തിരിക്കുന്ന ആർക്കിടെക്ച്ചർമാരെയാണ് വിരൽ ചൂണ്ടിയിരിക്കുന്നത്. "*പ്രമാണികളായ* നിങ്ങളാണ്," അവർ പറഞ്ഞു, "മശിഹയെ തള്ളിക്കളഞ്ഞത്!" പത്രൊസ് പറഞ്ഞു.

അവനെക്കുറിച്ചുള്ള തെറ്റിദ്ധാരണ നിമിത്തമാണ് അവർ മശിഹയെ തള്ളിക്കളഞ്ഞത്: അവർ വിചാരിച്ചതു മശിഹ വരുന്നതു ആഘോഷ പെരുമ്പറയോടുകൂടി ആയിരിക്കുമെന്നാണ്, വലിയ സൈനിക ശക്തിയോടെ വന്നു, റോമാക്കാരെ ദേശത്തുനിന്നു ഓടിക്കും എന്നു കരുതി. അവൻ വന്നു യെരുശലേമിൽ ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നു വാണു പാലസ്തീൻ ദേശം മുഴുവൻ അനുഗ്രഹം ഒഴുകും എന്നവർ കരുതി. യേശു വന്നപ്പോൾ, മശിഹയെ കുറിച്ചു വിചാരിച്ചതിനു വിപരീതമായിട്ടാണ് വന്നത് - അതുകൊണ്ടവർ തള്ളിക്കളഞ്ഞു. അവർ തള്ളിക്കളഞ്ഞവനെ, ദൈവം അവന്റെ ദൈവിക പ്രവർത്തികളാൽ "മൂലക്കല്ലാക്കി"!

അക്കാലത്തു കെട്ടിടം പണിയുമ്പോൾ മൂലക്കല്ലിനു വളരെ പ്രാധാന്യമുണ്ടായിരുന്നു. അതു പണിക്കു അത്യാവശ്യമായിരുന്നു. അതു അടിസ്ഥാനം പൂർണ്ണമാക്കുകയും ശേഷിച്ച പണികൾക്കു നിലവാരവും ദിശയും ഉറപ്പു വരുത്തുന്നു.[8] യെഹൂദന്മാർ മൂലക്കല്ലി നുള്ള സ്ഥലം വിട്ടു (മശിഹയെ കുറിച്ചുള്ള അവരുടെ വിചാരം കൊണ്ട്); എന്നാൽ യേശു വന്നപ്പോൾ, അവരുടെ ഉദ്ഘാടനത്തിനു പറ്റിയില്ല! ദുരഭിമാനം മുൻവിധി മൂലമുള്ള ആശയങ്ങൾ എന്നിവ സത്യത്തിനു വിരോധമായ മരണകരമായ വസ്തുക്കളാണ്!

**രക്ഷ**

ന്യായാധിപസംഘത്തിനു നേരെ പത്രൊസ് നിരന്തരമായ ശകാരം തൊടുത്തു വിട്ടതു അവരെ തകർത്തു കളഞ്ഞു. വീണ്ടും നില്ക്കുന്ന ഒരടി കീഴ്പ്പെടുത്തുന്നതായിരുന്നു: "മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ,

നല്കപ്പെട്ട വേറൊരു നാമവുമില്ല'' (വാക്യം 12). ഗ്രീക്കിൽ ഉള്ളതുപോലെയുള്ള വാക്കുകളുടെ കളി ഇംഗ്ലീഷിൽ ഇല്ല. "രക്ഷ" "രക്ഷിക്കപ്പെടുവാൻ" എന്ന 12-ാം വാക്യത്തിലെ വാക്കുകൾ ഒരേ മൂല വാക്കിൽ നിന്നു വന്നതാണ്. "സൗഖ്യമായി" എന്ന 9-ാം വാക്യത്തിലെ വാക്കാണ്. ആ യാചകനെ ഭൗതികമായി സൗഖ്യമാക്കിയതു യേശു ആകയാൽ, മനുഷ്യരെ ആത്മികമായി സൗഖ്യമാക്കുവാനും യേശുവിനു കഴിയും![9]

"*മറ്റൊരുത്തനിലും* രക്ഷയില്ല"? പ്രസ്താവന ഇടുങ്ങിയ തെങ്കിലും സത്യമാണ്. യേശു പറഞ്ഞു, "ഞാൻ തന്നേ വഴി*യും*, സത്യ *വും*, ജീവനുമാകുന്നു; ഞാൻ മുഖാന്തരമല്ലാതെ, ആർക്കും പിതാവിന്റെ അടുക്കൽ എത്താൻ സാദ്ധ്യമല്ല" (യോഹന്നാൻ 14:6; എംഫസിസ് മൈൻ[10])! പത്രൊസിന്റെ ശബ്ദത്തിൽ ആ വിചാരം ഉണ്ടായിരുന്നു. അവർ അബ്രഹാമിന്റെ മക്കളും മോശെയുടെ ന്യായ പ്രമാണം ഉള്ളവരും ആകയാൽ അവർ രക്ഷിക്കപ്പെട്ടിരുന്നു എന്നാണ് യെഹൂദന്മാർ വിചാരിച്ചത്. പത്രൊസ് പറഞ്ഞതിന്റെ ചുരുക്കം, "നിങ്ങൾക്കു അബ്രഹാമിൽ കൂടെയോ മോശെയിൽ കൂടെയോ രക്ഷ പ്രാപിക്കാവുന്നതല്ല എന്നാണ്! യേശുവിന്റെ നാമം മുഖാന്തരമേ നിങ്ങൾക്കു രക്ഷയുള്ളൂ!" ഇന്നത്തെ മതപരമായ ലോകം അവകാശ പ്പെടുന്നതു നിങ്ങൾ ആത്മാർത്ഥതയുള്ളവരായാൽ, മറ്റനേകം വഴികളിലൂടെ നിങ്ങൾക്കു സ്വർഗ്ഗത്തിൽ പോകാൻ കഴിയും എന്നാ ണ്. പത്രൊസ് വീണ്ടും പറയുന്നു, "അല്ല! നിങ്ങൾക്കു യേശുവിന്റെ നാമത്തിൽ മാത്രമേ രക്ഷയുള്ളൂ!" സത്യത്തിന്റെ, സ്വഭാവം ഇടുങ്ങിയ തായിരിക്കാം.[11]

"നാം രക്ഷിക്കപ്പെടുവാൻ'' എന്നതിലെ "നാം'' എന്ന വാക്യം ശ്രദ്ധിക്കുക: പത്രൊസ് ഇതു പറഞ്ഞപ്പോൾ, യോഹന്നാനെയും, സൗഖ്യമാക്കിയവനേയും, ന്യായാധിപ സംഘം, ഒക്കെയും അവിടെ കൂടിയിരിക്കുന്ന മറ്റുള്ളവരേയും എല്ലാം ചേർത്താണ് നാം എന്നു പറഞ്ഞിരിക്കുന്നത്. "നമ്മിൽ *ആരെ*ങ്കിലും - മുക്കുവനായാലും, യാച കനായാലും, പുരോഹിതനായാലും, മൂപ്പനായാലും, ശാസ്ത്രിയാ യാലും, ന്യായാധിപസംഘത്തിലെ ഉദ്യോഗസ്ഥനായാലും - രക്ഷിക്ക പ്പെടണമെങ്കിൽ," അതു, "യേശുക്രിസ്തുവിന്റെ നാമത്തിൽ മാത്രമാ ണെന്നു അവൻ ഊന്നി പറഞ്ഞു!"

പത്രൊസ് പറഞ്ഞതു തന്റെ മതപരമായ കേൾവിക്കാർ *നഷ്ടപ്പെട്ട*വരാണെന്നാണ്. പത്രൊസ് വീണ്ടും പറഞ്ഞതെന്തെന്നാൽ ദൈവം ഈ സംഘത്തിന് വേറൊരു അവസരം കൊടുക്കും. മുടന്തൻ ഭൗതികമായി സൗഖ്യമായതു പോലെ, ന്യായാധിപ സംഘത്തിനു ആത്മികമായി സൗഖ്യമാകാൻ കഴിയും. താമസിച്ചു പോയില്ല; യേശുവിനെ തള്ളിക്കളഞ്ഞു ക്രൂശിച്ചത് ''ക്ഷമിക്കപ്പെടാത്ത പാപമായിരുന്നില്ല." അവർ അപ്പോൾ യേശുവിനെ മശിഹ എന്നു സ്വീ കരിച്ചിരുന്നെങ്കിൽ, അവർക്കു രക്ഷ കിട്ടുമായിരുന്നു! ദൈവകൃപ യാലുമാണ്.

## നിശബ്ദത

പത്രൊസിന്റെ വാക്കുകൾ ന്യായാധിപസംഘത്തെ നിശ്ശബ്ദരാക്കി! "അവർ പത്രൊസിന്റെയും യോഹന്നാന്റേയും ധൈര്യം കാൺകയാലും [KJV യിൽ, ''ബോൾഡ്നെസ്'' എന്നും; NIV യിൽ, ''കറേജ്'' എന്നുമാണുള്ളത്][12] പത്രൊസുംയോഹന്നാനും, പഠിപ്പില്ലാത്തവരും പരിശീലനമില്ലാത്തവരും, മനുഷ്യർ എന്നു ഗ്രഹിക്കയാലും ആശ്ചര്യപ്പെട്ടു" (വാക്യം 13). "വിദ്യാഭ്യാസമില്ലാത്തവ രും പരിശീലനമില്ലാത്തവരും" ആയതുകൊണ്ട് അപ്പൊസ്തലന്മാർ (റബ്ബികളുടെ പഠനമോ, പരിശീലനമോ സ്ഥാനമോ കിട്ടാത്തവരാണ് എന്നർത്ഥം) ഔദ്യോഗിക സ്ഥാനങ്ങൾ ഇല്ലായിരുന്നു.[13] അംഗീകരിക്കപ്പെട്ട മതവൃത്തങ്ങളിൽ, പത്രൊസും യോഹന്നാനും ഒന്നുമല്ലായിരുന്നു! അവർക്ക് ഇത്ര അധികാരത്തോടും തീർച്ചയോടും എങ്ങനെ സംസാരിക്കാൻ കഴിയും? അവർക്ക് ആ എഴുപത്തി – ഒന്ന് പേരെ ഒന്നും പറയാനില്ലാത്തവരാക്കാൻ കഴിഞ്ഞത് എങ്ങനെ? ഉത്തരം ന്യായാധിപസഭയിലേക്ക് വന്നു: അവർ "യേശുവിന്റെ കൂടെയായിരുന്നു എന്നു തിരിച്ചറിഞ്ഞു" (വാക്യം 13). ഇതിനർത്ഥം പത്രൊസിനേയും യോഹന്നാനേയും മുമ്പ് അവർക്ക് അറിഞ്ഞുകൂടായിരുന്നു എന്നല്ല,[14] അല്ലെങ്കിൽ അവർ യേശുവിന്റെ ശിഷ്യന്മാരായിരുന്നു എന്ന് ആദ്യമായിട്ടല്ല അറിഞ്ഞത്. മറിച്ച്, *എങ്ങനെ* പത്രൊസും യോഹന്നാനും പ്രകടിപ്പിച്ച ധൈര്യവും നിശ്ചയദാർഢ്യവും ആണ് അവരെ പെട്ടെന്ന് ഈ അറിവിലേയ്ക്കു കൊണ്ടുവന്നത്. അവർ ''*യേശുവിന്റെ* കൂടെയായിരുന്നു''! "അവർ യേശുവിനോടു കൂടെ [ഈ മനുഷ്യർ] ആയിരു ന്നപ്പോൾ സംഭവിച്ചതു" ന്യായാധിപസംഘം കണ്ടിരുന്നു (ലിവിങ് ബൈബിൾ). മുൻപു യേശുവിനോടു കൂടെ നടന്ന വാക്കു തർക്കങ്ങളെല്ലാം ഇപ്പോൾ അവരുടെ ഓർമ്മയിൽ വന്നു. യേശുവിനും മുൻപു പരിശീലനം ലഭിച്ചിരുന്നില്ല (യോഹന്നാൻ 7:15), എങ്കിലും ഓരോ സമയത്തെയും വേദശാസ്ത്ര വിഷയ വാഗ്വാദത്തിൽ അവർ പരാജയപ്പെട്ടിരുന്നു.[15] ആ ലജ്ജിപ്പിച്ചിരുന്ന സമയം ഇപ്പോൾ ഇവരുടെ പിന്നിലും വന്നിരിക്കുന്നു, ഇപ്പോൾ യേശുവിന്റെ കരുത്ത് പെരുകിയിരിക്കയാണ് – ഒരു മനുഷ്യനല്ല, യേശുവിനുണ്ടായിരുന്നതുപോലെ അനേകർക്ക് ആ ബന്ധം ഉണ്ടായിരുന്നു! ഇതു അവരെ എത്രമാത്രം തരം താഴ്ത്തി!

സാത്താൻ നമുക്കു പ്രയാസം വരുത്തുമ്പോൾ, "നാം യേശുവിനോടു കൂടെയായിരുന്നോ" എന്നു പെട്ടെന്നു തെളിയും. നമ്മുടെ ചിന്തകളെല്ലാം നമ്മെക്കുറിച്ചു മാത്രമാണെങ്കിൽ, "തന്നെത്താൻ ഒഴിച്ചു," മനുഷ്യവേഷത്തിൽ വന്നു "ക്രൂശിലെ മരണത്തോളം താഴ്ത്തി അനുസരണമുള്ളവനായി തീർന്നവന്റെ ആത്മാവിനെ ഉൾക്കൊണ്ടില്ല എന്നു സ്പഷ്ടം" (ഫിലിപ്പിയർ 2:7, 8). നമ്മുടെ മനസിൽ ഭയം നിറഞ്ഞിരിക്കയാണെങ്കിൽ, യേശു പഠിപ്പിച്ചു, "നിങ്ങളുടെ ഹൃദയം കലങ്ങരുത് ഭ്രമിക്കയുമരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ" എന്നതു നാം വാസ്തവത്തിൽ പഠിച്ചിട്ടില്ല (യോഹന്നാൻ 14:1, 2). പത്രൊസിനും യോഹന്നാനും ഉണ്ടായിരുന്ന അത്ഭുതശക്തി നമ്മിൽ "നിറച്ചില്ലെങ്കിലും" ദൈവാത്മാവു നമ്മെ സഹായിക്കുവാൻ ഉണ്ടെന്ന അറിവു

നമ്മിൽ ഉണ്ടെങ്കിൽ,[16] ധൈര്യത്താലും വിശ്വാസത്താലും പിശാചിന്റെ കടന്നാക്രമണത്തെ നമുക്കു തരണം ചെയ്യാൻ കഴിയും (യാക്കോബ് 4:7).

പത്രൊാസ് സംസാരിച്ചു കഴിഞ്ഞപ്പോൾ, വലിയൊരു ദുഃഖ മൂകത യുണ്ടായി. "സൗഖ്യം പ്രാപിച്ച മനുഷ്യൻ അവരോടു കൂടെ നില്ക്കു ന്നതു കണ്ടതുകൊണ്ട്, അവർക്കു എതിർ പറവാൻ വകയില്ലായിരുന്നു" (വാക്യം 14). അത്ഭുതം നടന്നതായി അവർ അറിഞ്ഞു (വാക്യം 16). സൗഖ്യം പ്രാപിച്ചവൻ കൂടെ നിന്നതുകൊണ്ട്, "അവർക്കു ഒന്നും പറ യാൻ കഴിഞ്ഞില്ല" (NIV).

''അവർക്കു എതിർ പറവാൻ കഴിയാതിരുന്നത്'' ഉയിർത്തെഴു ന്നേല്പ് യാഥാർത്ഥ്യത്തിന്റെ ശക്തമായ സാക്ഷ്യമായിരുന്നു. 10-ാം വാക്യത്തിലെ പത്രൊസിന്റെ മുഖ്യപ്രസ്താവന വീണ്ടും നോക്കാം: (1) ന്യായാധിപസഭയിലുള്ളവർ യേശുവിനെ ക്രൂശിൽ തറെച്ചു; (2) ദൈവം യേശുവിനെ മരിച്ചവരിൽ നിന്നുയർത്തെഴുന്നേല്പിച്ചു; (3) ഉയിർത്തെഴുന്നേറ്റ യേശു സൗഖ്യമാക്കിയ മനുഷ്യനാണീ നില്ക്കു ന്നത്. യേശുവിനെ ക്രൂശിൽ തറെച്ച ന്യായാധിപസഭയുടെ പങ്ക് അവർക്കു നിഷേധിക്കാനായില്ല; ആ യാചകൻ സൗഖ്യമായതും അവർക്കു നിഷേധിക്കാനായില്ല. അതുകൊണ്ടു, ദൈവം യേശുവിനെ മരിച്ചവരിൽ നിന്നുയിർത്തെഴുന്നേല്പിച്ചു എന്നതും നിഷേധിക്കാൻ കഴിഞ്ഞില്ല!

ക്രിസ്തീയ പ്രസ്ഥാനം ശൈശവപ്രായത്തിലും വ്രണപ്പെടുത്താ വുന്ന അവസ്ഥയിലുമായിരുന്നു. അതിനെ നശിപ്പിക്കുവാൻ, ശത്രു ക്കൾക്കു യേശു ഉയിർത്തെഴുന്നേ*റ്റിട്ടില്ല* എന്നു തെളിയിക്കേണ്ടിയിരുന്നു. അവർക്ക് അതിനു യേശുവിന്റെ ശരീരം, കാണിക്കയോ അല്ലെങ്കിൽ ശരീരത്തിനു എന്തു സംഭവിച്ചു എന്നു വിശ്വസനീയമായി വിശദീകരി ക്കയോ ചെയ്യണമായിരുന്നു.[17] അവർക്കു അതിനു രണ്ടിനും കഴിഞ്ഞി ല്ല. ഇന്നു ചിലർ ഉയിർത്തെഴുന്നേല്പിനെ മാറ്റി നിർത്തുവാൻ ശ്രമിക്കു ന്നുണ്ട്. അവർക്ക് അതിനു കഴിയുമെങ്കിൽ, ആദ്യം ഉയിർത്തെഴുന്നേറ്റ പ്പോൾ ജീവിച്ചിരുന്ന സംശയാലുക്കൾക്കു, ആദ്യം പ്രഖ്യാപിച്ചപ്പോൾ തന്നെ തെളിയിക്കാൻ കഴിയണമായിരുന്നു. അവർക്കു,എങ്ങനെയായാ ലും, എതിർ പറവാൻ ഒന്നുമുണ്ടായിരുന്നില്ല!

**ഉപസംഹാരം**

പത്രൊസ് 8 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ പ്രതിരോധി ച്ചപ്പോൾ താൻ *സംസാരിച്ചതിലും* താൻ എങ്ങനെ *പെരുമാറി* എന്ന തിലും അവൻ യേശുവിനെ ഉയർത്തി. പിശാച് നമുക്കു പ്രയാസം വരുത്തുമ്പോൾ ഇതിനേക്കാൾ നല്ല വഴി എനിക്ക്. ആലോചിക്കാൻ പോലും കഴിയുന്നില്ല.

## ദൃശ്യ - സഹായക്കുറിപ്പുകൾ

യേശു എന്ന തള്ളിക്കളഞ്ഞ മൂലക്കല്ലു ചിത്രീകരിക്കുവാൻ ഒരു കെട്ടിടത്തിന്റെ പടം വരച്ച് മൂലയിൽ കല്ലില്ലാത്ത ശൂന്യമായ ആകൃതി കാണിച്ച് വരക്കുക. വിചിത്രമായ ആകൃതിയുള്ള ഭാഗം മശിഹയെ തെറ്റി ദ്ധരിച്ച യെഹൂദന്മാരെ പ്രതിനിധീകരിക്കുന്നതാണ്. ഒരു വശത്തു സാധാ രണ ആകൃതിയുള്ള മൂലക്കല്ല് വരക്കുക. ആ കല്ല് യേശുവിനെ പ്രതി നിധീകരിക്കുന്നു. ശ്രദ്ധിക്കുക ആ കല്ല് ആ ശൂന്യമായ സ്ഥലത്ത് യോജി ക്കുന്നില്ല. അങ്ങനെ അതു തള്ളിക്കളഞ്ഞു (വേറെ അനുയോജ്യമായ ചിത്രീകരണങ്ങൾ നിങ്ങൾക്കു എടുത്തു വരച്ചോ മോഡലുണ്ടാക്കിയോ പഠിപ്പിക്കാം).

---

കുറിപ്പുകൾ

[1]ലൂക്കോസ് 12:11, 12; മത്തായി 10:17–20 ഉം നോക്കുക. എല്ലാ ഉപദേഷ്ട ന്മാർക്കുമല്ല, ഇത് അപ്പൊസ്തലന്മാർക്കു കൊടുത്ത വാഗ്ദാനമായിരുന്നു എന്നോർക്കുക. നിങ്ങളും ഞാനും "മുമ്പു തയ്യാറെടുക്കണം." [2]പൗലൊസും ശീലാസും പിന്നീട് ആയിരുന്നതുപോലെ: പത്രൊസും യോഹ ന്നാനും രാത്രി തടവിൽ കഴിഞ്ഞപ്പോൾ. അവർ പ്രാർത്ഥിക്കയും പാട്ടുപാടി ദൈവത്തെ പുകഴ്ത്തുകയും ചെയ്തു (16:25). [3]16:7 കൂടെ നോക്കുക. പരിശുദ്ധാത്മാവിന്റെ മറ്റു രീതിയിലുള്ള സംസാരമാണ്. [4]NIV പറയുന്നതു ഒരു "മുടന്തനോടു കാണിച്ച ദയാപ്രവൃത്തി എന്നാണ്!" [5]അവൻ വാസ്തവത്തിൽ പറഞ്ഞതു, "ലോകം അറിയുവാൻ ആഗ്രഹിക്കുന്നു എന്നാണ്!" [6]ചില അവസരങ്ങളിൽ, നമ്മുടെ താല്പര്യങ്ങളും രാജ്യത്തിന്റെ താല്പര്യ ങ്ങളും യോജിച്ചു പോകും. യേശുവിന്റെ നാമത്തിനു നാം ദുരാരോപണം വരുത്തു ന്നി*ല്ലെങ്കിൽ* നമുക്കു സംഭവിക്കുന്നതിനെ ഓർത്തു ആകുലരാകേണ്ടതില്ല! [7]യേശു വേദഭാഗം തന്നെ ബാധിക്കും വിധത്തിൽ പറഞ്ഞിട്ടുണ്ട് (മർക്കൊസ് 12:10). ആരംഭപുസ്തകത്തിൽ, തള്ളിക്കളഞ്ഞ കല്ല് – യിസ്രായേലിനെ ആണ് സൂചിപ്പി ച്ചിരുന്നത് മറ്റു രാജ്യങ്ങൾ അതിനെ തള്ളിക്കളഞ്ഞിരുന്നു, എന്നാൽ ദൈവം അവരെ ഉപയോഗിച്ചു. അതായിരുന്നു പലപ്പോഴും നടന്നതെങ്കിൽ, യിസ്രായേൽ ദൈവത്തിന്റെ ഉദ്ദേശം നിവർത്തിച്ചില്ല. മശിഹ ആയിരുന്നു ആ ഉദ്ദേശം ഫലവത്താക്കിയത് മുഴുവൻ അർത്ഥത്തിലും, ആ ഭാഗം മശിഹ പ്രവചനമായി അംഗീകരിക്കപ്പെട്ടു. [8]നമുക്ക് ഇന്നു ഇതുപോലെയുള്ള ഉപകരണങ്ങളോ സാങ്കേതികത്വമോ അവർക്ക് അന്നുണ്ടായിരുന്നില്ല. ഇന്നു നാം പണിയുന്ന രീതിയിലായിരുന്നില്ല, അന്നവർ കെട്ടിടം പണിതിരുന്നത്. എങ്കിലും മൂലക്കല്ലു വെച്ച് കെട്ടിടം പണിയുന്നവർ ധാരാളമുണ്ട്. മുകളിൽ സൂചിപ്പിച്ച കാരണത്താൽ ചില തർജ്ജിമക്കാർ (NEB) "മൂലക്കല്ല്" എന്നതിനു പകരം (പ്രധാന കല്ല്) എന്നാക്കിയിട്ടുണ്ട്. നമ്മിൽ അധികം പേർക്കും അതറിയാം മൂലക്കല്ലു നീങ്ങിപ്പോയാൽ എന്തു സംഭവിക്കും എന്ന്! [9]താഴെ കൊടുത്തിരിക്കുന്ന പ്രസംഗ കുറിപ്പിൽ ഞാൻ സൂചിപ്പിച്ചിരിക്കുന്നതു, മറ്റേതെങ്കിലും വിധത്തിൽ രക്ഷിക്ക പ്പെടാമെന്നു കരുതുന്ന മത ലോകത്തെ

പ്രത്യേകമായി ഉദ്ദേശിച്ചാണ്. എങ്കിലും, റിച്ചാർഡ് റോജേഴ്സ് ഈ വാക്കുകൾ സഭയെയും ബാധിക്കുന്നു എന്നു സൂചിപ്പിച്ചിട്ടുണ്ട് (റിച്ചാർഡ് റോജേഴ്സ്, "ദി ഫസ്റ്റ് ഓപ്പോസിഷൻ," സെർമൺ പ്രീച്ച്ഡ് അറ്റ് ദി സൺസെറ്റ് ചർച്ച് ഓഫ് ക്രൈസ്റ്റ്, ലബ്ബോക്ക്, ടെക്സാസ്, 1.റ. നാം ശ്രദ്ധിച്ചില്ലെങ്കിൽ, ക്രിസ്തുവിൽ ആശ്രയിക്കുന്നതിനു പകരം മാനുഷ കഴിവുകൾ ഉപയോഗിച്ച്, പദ്ധതികൾ തയ്യാറാക്കി പരിവർത്തനം നടത്തും! [10]ഗ്രീക്കു ഘടനാ രൂപത്തിൽ ഇതും ഊന്നിപറയുന്നുണ്ട്!

[11]2 ഉം 2 ഉം എല്ലായ്പ്പോഴും നാലു തന്നെ കിട്ടും. അതു അഞ്ചിനോടൊരിക്കലും തുല്യമാകയില്ല. അതുപോലെ ഇടുങ്ങിയ സത്യവും. [12]ധൈര്യം അപ്പൊസ്തലന്മാരുടെ പരസ്യപ്രസംഗത്തിലുള്ള സ്വഭാവ വിശേഷതയായിരുന്നു (9:27, 28; 13:46; 14:3; 18:26; 19:8; 26:26). പ്രാരംഭ സഭ വളരുവാനിട യായ മറ്റൊരു "വസ്തുത" ഇതാകുന്നു. [13]മുൻ വിദ്യാഭ്യാസത്തിനു വിലയുണ്ടായിരുന്നു, എന്നാൽ വിശ്വസ്തമായ ദൈവവചന ഘോഷണത്തിനു ഡിഗ്രി അനിവാര്യമായിരുന്നില്ല. അമേരിക്കയിലെ കർത്താവിന്റെ സഭകൾ., പ്രത്യേകിച്ച് തെക്കേ അമേരിക്കയിൽ, അധികവും കൃഷിക്കാരും വ്യാപാരികളുമാണ്. അവർക്കു പരിശീലനം ലഭിക്കാത്തവരും പരിശീലന കുറവുള്ളവരു മാണ്. എങ്കിലും അവർക്കു ദൈവവചനം പ്രസംഗിക്കാനുള്ള ജ്വലിക്കുന്ന തീഷ്ണത യുണ്ട്. [14]കയ്യഫാവുമായി യോഹന്നാനു അടുത്ത ബന്ധംഉണ്ടായിരുന്നു (യോഹ ന്നാൻ 18:15, 16). [15]മത്തായി 21:23–27; 22:15–46 ശ്രദ്ധിക്കുക. യേശുവിനോടു ന്യായാധിപ സഭ ചെയ്തതിന്റെ ആവർത്തനമാണ് പത്രൊസും യോഹന്നാനും മുമ്പുകണ്ടത്. യേശു അവരോട് എങ്ങനെ പെരുമാറിയോ അതിന്റെ ആവർത്തനമാണ് ന്യായാധിപസഭ അപ്പൊസ്തലന്മാരിൽ കണ്ടത്! [16]പ്രവൃത്തി 2:38 ലെ കുറിപ്പുകൾ നോക്കുക. [17]കാവൽക്കാർ ഉറങ്ങിയപ്പോൾ യേശുവിന്റെ ശരീരം രാത്രിയിൽ മോഷ്ടി ച്ചു കൊണ്ടുപോയി എന്നു പ്രചരിപ്പിച്ച അന്നത്തെ വിഡ്ഢിത്തം ഇപ്പോൾ ആവർത്തിച്ചില്ല എന്നതു സുപ്രസിദ്ധമാണ് (മത്തായി 28:11–15). ആ കഥ കിംവദന്തിപോലെ പരന്നു; എന്നാൽ ന്യായാധിപസഭ നിയമപരമായ ഒരു തെളിവായി, അവതരിപ്പിച്ചെങ്കിൽ പത്രൊസിനെ "അതേ കഴുമരത്തിൽ തൂക്കിക്കൊല്ലാമായിരുന്നു" (എസ്തേർ 7:10) – കാവൽക്കാർ കാക്കുന്ന സമയത്തു വാസ്തവത്തിൽ ഉറങ്ങിപ്പോയാൽ, അവർക്കു പ്രതിഫലമല്ല, അവരെ തൂക്കി കൊല്ലുകയാണ് ചെയ്യുക (12:19; 16:27).